പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2666 — 17/6/2019 ൽ മറുപടിക്ക്

**വളർത്തുമൃഗങ്ങളെ വ്യാവസായികാടിസ്ഥാനത്തിൽ വളർത്തുന്നതിന് പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. രാജൻ : | അഡ്വ .കെ.രാജു (വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി). |

| | |
|---|---|
| ആട്, കോഴി, പശു എന്നിവ വ്യാവസായികാടിസ്ഥാനത്തിൽ വളർത്തുന്നതിനും ഫാമുകൾ ആരംഭിക്കുന്നതിനുമായി മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളത്; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | **ആടുവളർത്തൽ**<br><br>ആടുകളിൽ കൃത്രിമ ബീജസങ്കലനത്തിനുള്ള സൗകര്യം മൃഗാശുപത്രികൾ വഴി സൗജന്യമായി ലഭ്യമാക്കി വരുന്നു. തെരെഞ്ഞെടുത്ത പഞ്ചായത്തുകൾ വഴി ആട് വളർത്തലിന് സബ്സിഡി സഹായം (50%) മൃഗസംരക്ഷണ വകുപ്പ് നൽകി വരുന്നു. 5 പെണ്ണാടും ഒരു ആണാടും ഉൾപ്പെടുന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് കർഷകന് ധനസഹായം നല്കുന്നു. ആകെ 324 ലക്ഷം രൂപ ഇതിനായി 2019-20 ൽ നീക്കി വെച്ചിട്ടുണ്ട്. ആകെ 1296 യൂണിറ്റുകൾ നടപ്പിലാക്കും.<br><br>ആട് വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി 2019-20 ൽ അനിമൽ റിസോഴ്സ് ഡെവലപ്പ്മെന്റിന്റെ കീഴിൽ കൊമേഴ്ഷ്യൽ ഗോട്ടറി യൂണിറ്റ് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. 19 പെണ്ണാടും ഒരു ആണാടും അടങ്ങിയ ഒരു യൂണിറ്റിന് 1,00,000/- രൂപ വീതം കർഷകന് ധനസഹായം നൽകുന്നു. ആകെ 191 യൂണിറ്റിന് 191 ലക്ഷം രൂപ 2019-20 ൽ നീക്കി വച്ചിരിക്കുന്നു.<br><br>**കോഴിവളർത്തൽ**<br><br>2019-20 സാമ്പത്തിക വർഷം സംസ്ഥാനത്തെ തെരെഞ്ഞെടുത്ത 1305 സ്കൂളുകളിൽ 50 വീതം കുട്ടികൾക്ക് മുട്ടക്കോഴി വിതരണം ചെയ്യുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കുന്നുണ്ട്. ഇതിനായി വകുപ്പിന് കീഴിലുള്ള കോഴിഫാമുകളിലെ ഉത്പാദന ക്ഷമത പൂർണ്ണമായി വിനിയോഗിച്ച് കോഴിക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിച്ച് എഗ്ഗർ നഴ്സറികളുടെ സഹായത്തോടെ സ്കൂൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നു. |

**പശു വളർത്തൽ**

**ഗോവർദ്ധിനി**

കന്നുകുട്ടികളുടെ ശാസ്ത്രീയ പരിപാലനം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന ഗോവർദ്ധിനി പദ്ധതിയിൽ എൻറോൾ ചെയ്തിട്ടുള്ള കന്നുകുട്ടികൾക്ക് പദ്ധതി കാലയളവിൽ ആവശ്യാനുസരണം വിരമരുന്ന്, പ്രതിരോധ കുത്തിവെയ്പ്പുകൾ, ആരോഗ്യ പരിരക്ഷ മുതലായവ നൽകുന്നു. 2019-20 ൽ ഇതിനായി 4500 ലക്ഷം രൂപ നീക്കി വച്ചിരിക്കുന്നു.

**പ്രത്യേക കന്നുകാലി വികസന പദ്ധതി**

പ്രത്യേക കന്നുകാലി വികസന പദ്ധതിയിലൂടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി കന്നുകുട്ടികൾക്ക് പൂർണ്ണ വളർച്ചയെത്തുന്ന പ്രായം കുറച്ചുകൊണ്ടുവരുകയും പ്രസവങ്ങൾക്കിടയിലുള്ള കാലദൈർഘ്യം കുറയ്ക്കുകയും ചെയ്യുന്നു. 2019-20 ൽ ഇതിനായി 1500 ലക്ഷം രൂപ നീക്കി വച്ചിരിക്കുന്നു.

**ഗോസമൃദ്ധി ഇൻഷ്വറൻസ് പദ്ധതി**

പദ്ധതി വഴി ക്ഷീരകർഷകർക്ക് അവരുടെ വിലയേറിയ ഉരുക്കളുടെ നഷ്ടത്തിൽ നിന്നും സംരക്ഷണം ഉറപ്പുവരുത്തുവാൻ കഴിയും. കന്നുകാലികളുടെ മരണമോ, വൈകല്യമോ കാരണം ഉൽപാദനത്തിനുള്ള കുറവ് മൂലം ഉണ്ടാകുന്ന അനിശ്ചിതത്വവും നഷ്ടവും നികത്തുന്നതിനുള്ള സംരക്ഷണ വലയങ്ങൾ ലഭ്യമാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഗോസമൃദ്ധി നടപ്പിലാക്കാൻ 2019-20 വർഷം 500 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്.

**രാത്രികാല അടിയന്തിര വെറ്ററിനറി സേവനം പദ്ധതി**

അടിയന്തര ഘട്ടങ്ങളിൽ കർഷകരുടെ വീട്ടുപടിക്കൽ മൃഗചികിത്സ സേവനം ലഭ്യമാക്കുന്ന രാത്രികാല അടിയന്തര മൃഗചികിത്സാ സേവനം പദ്ധതി നിലവിൽ 105 ബ്ലോക്കുകളിൽ നടപ്പിലാക്കുന്നുണ്ട്. 2019-20 ൽ പദ്ധതിക്കായി 725 ലക്ഷം രൂപ നീക്കിവെച്ചിരിക്കുന്നു.

**കറവയന്ത്രം സ്ഥാപിക്കുന്ന പദ്ധതി**

അഞ്ചിൽ കൂടുതൽ കറവപ്പശുക്കളുള്ള ക്ഷീരകർഷകർക്ക് കറവയന്ത്രങ്ങൾ വാങ്ങുന്നതിന് 25000 രൂപ വീതം ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. 2019-20 ൽ 200 കർഷകർക്കായി 50 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്.

**മൃഗസംരക്ഷണ സംരംഭങ്ങൾക്കുള്ള ബാങ്ക് വായ്പകൾക്ക് പലിശ സബ്സിഡി**

മൃഗസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങൾക്കുള്ള ബാങ്ക് വായ്പകൾക്ക് പലിശ സബ്സിഡി നൽകുന്ന പദ്ധതിയാണിത്.

| | | |
|---|---|---|
| | | 2019-20 ൽ ഇതിനായി 188.9 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. മൃഗസംരക്ഷണ മേഖലയിലെ 3778 കർഷകർക്ക് പദ്ധതിയുടെ സഹായം ലഭിക്കും.<br><br>**<u>സംരംഭകത്വ വികസന പരിശീലന പരിപാടികൾ</u>**<br><br>മൃഗസംരക്ഷണ മേഖലയിലെ സംരംഭകർക്കായി ജില്ലയിൽ രണ്ട് വീതം ആകെ 28 സംരംഭകത്വവികസന പരിശീലനപരിപാടികൾ 2019-20 ൽ സംഘടിപ്പിക്കും. ഇത് കൂടാതെ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററുകൾ വഴി വാണിജ്യാടിസ്ഥാനത്തിലുള്ള പശുവളർത്തൽ, കോഴി വളർത്തൽ, ആട് വളർത്തൽ തുടങ്ങിയ വിഷയങ്ങളിൽ പരിശീലനപരിപാടികളും നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ